**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 481** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക ജനസമൂഹത്തിന്റെ വികസനം സാധ്യമാക്കി രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനം എന്ന ലക്ഷ്യത്തിലധിഷ്ഠിതമായി ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 15.09.2023-ലെ സ.ഉ(സാധാ) നം.940/2023/വ്യവ പ്രകാരം ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം എന്ന പദ്ധതിയുടെ മാർഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നല്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ഒരു തദ്ദേശസ്ഥാപനത്തിന് പരമാവധി 50,000 രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്. ഈ സഹായം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കുന്നതിന് മുൻകൂറായി 50% തുക.<br>2. തദ്ദേശ സ്ഥാപന കൗൺസിലിൽ നിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ഡിപിആർ പൂർത്തിയാക്കിയതിന് ശേഷം ബാക്കി 50% തുക.<br>ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ പ്രസ്തുത ഉത്പ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി ഏജൻസിയുടെ തെരഞ്ഞെടുപ്പ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏത് മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ച വിശദമായ പദ്ധതിരേഖ ഉണ്ടാക്കുക, തുടർന്ന് പ്രാദേശിക സാമ്പത്തിക വികസന ഫണ്ട് ഉപയോഗിച്ച് അവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നുള്ളതാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. ഓരോ തദ്ദേശസ്ഥാപനത്തിലും അവിടത്തെ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ച് പദ്ധതി രേഖയുടെ മേഖല വ്യത്യാസമായിരിക്കുന്നതാണ്. |
| (സി) | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്കും സംരംഭകർക്കും നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം എന്ന പദ്ധതി തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഒരു തദ്ദേശസ്ഥാപനത്തിന് പരമാവധി 50,000 രൂപയാണ് വ്യവസായ വകുപ്പ് സാമ്പത്തിക സഹായമായി നൽകുന്നത്. ഈ പദ്ധതി വഴി സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നില്ല. എങ്കിലും സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഈ സംരംഭകർക്കും പദ്ധതി നിബന്ധനകൾക്കു വിധേയമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ